LIBRARY ARCHIVES Kerala Legislative Assembly

ഗസറ്റ് വിജ്ഞാപനം

150 (4875) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേശീയപാത വികസനത്തിന് സ്ഥലം നൽകിയവരടക്കം വിവിധ ആവശ്യങ്ങൾക്കായി അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ആയത് സംബന്ധിച്ച് സർക്കാർ പ്രസ്സിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ അടിയന്തരമായി ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ അച്ചടി വകുപ്പിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുരങ്ങാടി താലൂക്കിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലുൾപ്പെട്ട ആളുകളുടെ അനന്തരവകാശ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന്റെ ഭാഗമായ ഗസറ്റ് വിജ്ഞാപനം നൽകുന്നതിന് എത്ര അപേക്ഷകൾ സർക്കാർ സെൻട്രൽ പ്രസ്സിൽ നിലവിലുണ്ട്; ആയത് അടിയന്തരമായി പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തിരുരങ്ങാടി താലൂക്കിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഉൾപ്പെട്ട ആളുകളുടെ അനന്തരവകാശ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന്റെ ഭാഗമായ ഗസറ്റ് വിജ്ഞാപനം നൽകുന്നതിന് 134 അപേക്ഷകൾ അച്ചടി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ

151 (4876) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ 31 തസ്തികകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് അവസാനമായി പി.എസ്.സി. വഴി നിയമനം എന്നാണ് നടന്നതെന്നും എത്ര നിയമനങ്ങൾ നടന്നുവെന്നും അറിയിക്കാമോ?

28-1-2020-നാണ് അവസാനമായി പി.എസ്.സി. വഴി ഒരു നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന) നടന്നത്.

(സി) നിലവിൽ അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ നിലവിൽ വന്ന തീയതികൾ വ്യക്തമാക്കാമോ?

25 ഒഴിവുകൾ നിലവിലുണ്ട്. 21-10-2008 മുതലുള്ള സ്ഥാനക്കയറ്റം/സംവരണം ഒഴിവുകൾ ഉൾപ്പെടെ 8 ഒഴിവുകൾ 1-6-2016-ലും 17 ഒഴിവുകൾ 8-6-2021-ലും നിലവിൽ വന്നിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

&

(ഇ) മേൽ തസ്തികയിൽ നിയമനം നടത്തുന്നതിന് നിയമപരമായോ സാങ്കേതികമായോ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 15-10-2009, 25-5-2017, 16-7-2021 എന്നീ തീയതികളിൽ ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള പ്രൊമോഷൻ

152 (4877) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് എന്നീ തസ്തികകളിലെ നിയമനത്തിന് ഒഴിവുകൾ നിലവിലുണ്ടോ; ഇത് സംബന്ധിച്ച് സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഒഴിവുകൾ നിലവിലുണ്ട്. ടി തസ്തികയിലെ നിയമനത്തിനായുള്ള സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അച്ചടി വകുപ്പിലെ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

(ബി) ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly